

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷൻ ഓഡിറ്റ് റിപ്പോർട്ട് 2021-22

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

e-mail: lfadtvm@yahoo.in

കെ.എസ്.എ.റ്റി.വി.എം/മിസ്.1 /1445/2022

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം-695001

ഫോൺ 0471-2331231

e-mail- lfadtvm@yahoo.in

തീയതി : 11.10.2022

ജോയിന്റ് ഡയറക്ടർ

സെക്രട്ടറി,
പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷൻ

സർ,

വിഷയം: പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷന്റെ 2021-22 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളുടെ ഓഡിറ്റ് റിപ്പോർട്ട് അയയ്ക്കുന്നത് സംബന്ധിച്ച് -

പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷന്റെ 2021-22 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളുടെ ഓഡിറ്റ് റിപ്പോർട്ട് താങ്കളുടെ അറിവിലേയ്ക്കും അനന്തര നടപടികൾക്കുമായും അയയ്ക്കുന്നു.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) ഓഫീസ് കോപ്പി

നം.കെ.എസ്.എ.റ്റി.വി.എം.മിസ്.1/1445/2022 തീയതി : 11.10.2022

പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷൻ 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്	ശ്രീമതി ഷീല ഉബാൾഡ്, ജോയിന്റ് ഡയറക്ടർ
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥന്റെ പേര് വിവരം	ശ്രീമതി ശ്രീദേവി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ഓഡിറ്റിന് വിനിയോഗിച്ച സമയം	19.08.2022
ഓഡിറ്റ് ചെയ്ത കണക്കുകളുടെ വിവരം	2021-22 വർഷത്തെ വരവ് ചെലവ് കണക്കുകൾ

നിർവഹണാധികാരികൾ

ചെയർമാൻ	ശ്രീ. പന്ന്യൻ രവീന്ദ്രൻ
സെക്രട്ടറി	ഡോ. എഴുമറ്റൂർ രാജരാജവർമ്മ
എക്സിക്യൂട്ടീവ് ഡയറക്ടർ	ശ്രീ. എസ്. ഗോപിനാഥ് ഐ.പി.എസ് (റിട്ട)
ട്രഷറർ	ശ്രീ. ബി. സുനിൽകുമാർ

ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

സ്ഥാപനത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്.

ഭാഗം -1

പൊതു അവലോകനം

1-1 പൊതുഅവലോകനം

തിരുവിതാംകൂർ-കൊച്ചി ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം 17.07.1989 ൽ 575/89-ാം നമ്പരായി രജിസ്റ്റർ ചെയ്ത് തിരുവനന്തപുരം ആസ്ഥാനമാക്കി പ്രവർത്തിച്ചു വരുന്ന സാംസ്കാരിക സംഘടനയാണ് പ്രൊഫ.എൻ.കൃഷ്ണപിള്ള ഫൗണ്ടേഷൻ. കേരളത്തിന്റെ സാംസ്കാരിക രംഗത്ത് അരനൂറ്റാണ്ടിലേറെക്കാലം നിറഞ്ഞുനിന്ന പ്രൊഫ.എൻ.കൃഷ്ണപിള്ളയുടെ മൂല്യങ്ങളും ആശയാദർശങ്ങളും ഉയർത്തിപ്പിടിച്ചുക്കൊണ്ട് അദ്ദേഹത്തിന്റെ ധന്യസ്മരണ നിലനിർത്തുന്നതിന് ഉചിതമായ കർമ്മപരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെയാണ് സ്ഥാപനം രൂപീകൃതമായിട്ടുള്ളത്. പ്രൊഫ.എൻ.കൃഷ്ണപിള്ളസ്മാരക സംസ്കൃതികേന്ദ്രം എന്ന ആസ്ഥാനമന്ദിരത്തിൽ എം.കെ.ജോസഫ് മിനി തിയേറ്റർ, പ്രൊഫ.എൻ.കൃഷ്ണപിള്ള സ്മാരക ഗ്രന്ഥശാല-പഠന ഗവേഷണ കേന്ദ്രം, പ്രൊഫ.എൻ.കൃഷ്ണപിള്ള മ്യൂസിയം, ഡിജിറ്റൽ ഗ്രന്ഥശാല, കുട്ടികളുടെ ഗ്രന്ഥശാല, ദൃശ്യ-ശ്രവ്യ നാടക പഠനകേന്ദ്രം, കൃഷ്ണ ഡിജിറ്റൽസ് (റിക്കാർഡിംഗ് എഡിറ്റിംഗ് സ്റ്റുഡിയോ), മലയാള ഭാഷാപഠനകേന്ദ്രം, നന്ദനം ബാലവേദി, സാഹിതീ സഖ്യം, എൻ. കൃഷ്ണപിള്ള നാടകവേദി എന്നിവ പ്രവർത്തിച്ചു വരുന്നു. 2021-22 വർഷത്തിൽ പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷന്റെ ഒരു ജനറൽ കൗൺസിൽ യോഗവും 3 ഗവേണിംഗ് കൗൺസിൽ യോഗങ്ങളും കൂടിയിട്ടുണ്ട്. കൗൺസിൽ യോഗ തീരുമാനങ്ങൾ കൃത്യമായി നടപ്പാക്കപ്പെടുന്നുമുണ്ട്.

1-2 2021-22 വർഷത്തെ പ്രധാന പ്രവർത്തനങ്ങൾ

പ്രൊഫ. എൻ. കൃഷ്ണപിള്ളയുടെ ജന്മവാർഷികദിനമായ 2021 സെപ്റ്റംബർ 22 ന് കലോത്സവം സംഘടിപ്പിച്ചു. പ്രൊഫ. എൻ. കൃഷ്ണപിള്ളയുടെ ഗ്രന്ഥശ്രേഷ്ഠരെ സംബന്ധിക്കുന്ന സെമിനാർ 2021 ഒക്ടോബർ 10 ന് സംഘടിപ്പിച്ചു. നാടകവേദി സംഗമം, മലയാളദിനാഘോഷം, പ്രൊഫ. എൻ. കൃഷ്ണപിള്ളയുടെ ബാലസാഹിത്യകൃതികളുടെ പഠനങ്ങൾ അവതരിപ്പിക്കുന്ന സെമിനാർ, 'നാദം കേരള' എന്ന സാംസ്കാരിക സംഘടനയുമായി സഹകരിച്ചുക്കൊണ്ട് ലോകമാതൃഭാഷാദിനാഘോഷം, ലഹരിവിരുദ്ധ സദസ്സ് തുടങ്ങിയ പ്രവർത്തനങ്ങളും 2021-22 വർഷം സംഘടിപ്പിക്കുകയുണ്ടായി.

1-3 ബജറ്റ്

2021-22 ലെ വാർഷിക ബജറ്റ് 2021 മാർച്ച് 9 ന് ചേർന്ന ഗവേണിംഗ് കൗൺസിൽ യോഗത്തിൽ അംഗീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം 41,45,000/- രൂപ വരവും അത്ര തന്നെ ചെലവും പ്രതീക്ഷിക്കുന്നു. വാർഷിക ധനകാര്യപത്രിക പ്രകാരം വരവ് 22,97,443/-രൂപയും ചെലവ് 1150595/-രൂപയുമാണ്.

1-4 സ്റ്റോക്ക് രജിസ്റ്റർ പരിപാലനം

സ്ഥാപനത്തിന്റെ വിവിധ സ്റ്റോക്ക് രജിസ്റ്ററുകൾ പരിശോധിച്ചതിൽ പർച്ചേസ് ചെയ്ത പല സാധനങ്ങളും യഥാസമയം സ്റ്റോക്കിലെടുക്കുന്നില്ല എന്നു കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

1. വൗച്ചർ നം. 86/17.09.21 പ്രകാരം പർച്ചേസ് ചെയ്ത 'മൺമറഞ്ഞ സാരഥികൾ' എന്ന പുസ്തകത്തിന്റെ (25 എണ്ണം) വരവ് പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

2. 2021-22 വർഷം പർച്ചേസ് ചെയ്ത വിവിധ സ്റ്റേഷനറി സാധനങ്ങൾ/ഉപകരണങ്ങൾ എന്നിവയുടെ പർച്ചേസ് വിവരങ്ങൾ ഒന്നും തന്നെ ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 2/19.08.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം സ്റ്റോക്കിലെടുക്കാൻ വിട്ടുപോയ പുസ്തകത്തിന്റെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ഇപ്പോൾ ചേർത്തിട്ടുണ്ടെന്ന് അറിയിക്കുകയും രേഖപ്പെടുത്തലുകൾ വരുത്തിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കുകയും ചെയ്തു. ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തി പൂർത്തിയാക്കാമെന്നും അറിയിച്ചിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

1-5 വിതരണം ചെയ്ത പുസ്തകങ്ങൾ തിരികെ ലഭിക്കാനുണ്ട്

പ്രൊഫ.എൻ.കൃഷ്ണപിള്ള സ്മാരക ഗ്രന്ഥശാലയിൽ നിന്നും 2021-22 വർഷം വരെ വിതരണം ചെയ്ത പുസ്തകങ്ങളിൽ 22 എണ്ണം ഇനിയും തിരികെ ലഭിക്കാനുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	പുസ്തകത്തിന്റെ പേര്	വിതരണം ചെയ്ത തീയതി
1	എലത്താളവും നിലവിളക്കും	24.08.2019
2	നമ്മുടെ ബാപ്പു	05.11.2019
3	രാഷ്ട്രപിതാവ്	05.11.2019
4	ഗാന്ധി സാഹിത്യസംഗ്രഹം	05.11.2019
5	അശ്രുമന്ദിരത്തിലെ അതിഥികൾ	31.01.20
6	ജോസഫിന്റെ മരണം	31.01.20
7	ഇതാണ് എന്റെ ശരി	06.11.20
8	ക്ഷോഭിക്കുന്നവന്റെ പടപ്പുറപ്പാട്	06.11.20
9	സ്വരരാഗസുധ	28.12.20
10	കെ.പി.അപ്പൻ	21.01.21

11	സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ	05.02.21
12	മേഘം വന്നു തൊട്ടപ്പോൾ	07.07.21
13	ഗീതാഞ്ജലി	13.08.21
14	കടമ്മനിട്ട കവിതകൾ	29.10.21
15	കേരളപ്പഴമ	26.11.21
16	പഞ്ചകന്യകമാർ	26.11.21
17	രഘുനന്ദാ താര വിളിക്കുന്നു	03.12.21
18	ഡബ്ലിൻ ഡയറി	03.12.21
19	തിരഞ്ഞെടുത്ത മലയാളകഥകൾ	09.12.21
20	സൂര്യനെ അണിഞ്ഞ ഒരു സ്ത്രീ	09.12.21
21	ഹാസ്യം	17.12.21
22	അടി മുതൽ മുടി വരെ	17.12.21

മേൽ വിഷയത്തിൽ സ്വീകരിച്ച നടപടികളുടെ വിവരം ആവശ്യപ്പെട്ടുക്കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.03/19.08.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം പുസ്തകം തിരികെ വാങ്ങുന്നതിനായി സത്വര നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. കിട്ടാത്ത പുസ്തകങ്ങൾക്ക് 5 ഇരട്ടി വില ഈടാക്കാനുള്ള കമ്മിറ്റി തീരുമാനം ഉള്ളതായും അറിയിച്ചിട്ടുണ്ട്. അതിനാൽ പുസ്തകം തിരികെ ലഭിക്കുന്നതിനോ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വില ഈടാക്കുന്നതിനോ ഉള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ഭാഗം –2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 സർക്കാർ ധനസഹായം

ക്രമ നം.	ഗ്രാന്റ് അനുവദിച്ച ഉത്തരവ്	തുക (രൂപ)	അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത തീയതി
I	വാർഷിക ഗ്രാന്റ്		
1	നം. എ2-3488/21/സാം. വ, തിരുവനന്തപുരം, 07.07.21	1,50,000/-	14.07.21
2	നം. എ2-3488/21/സാം. വ, തിരുവനന്തപുരം, 09.08.21	1,50,000/-	13.08.21
3	നം. എ2-3488/21/സാം. വ, തിരുവനന്തപുരം, 16.12.21	2,00,000/-	18.12.21

II	പ്രത്യേക ധനസഹായം		
1	സ.ഉ.(സാധാ) നം. 307/2021/ സാം.കാ.വ, 18.08.21	7,50,000/-	03.09.21
2	സ.ഉ.(സാധാ) നം. 424/2021/ സാം.കാ.വ, 15.11.21	3,75,000/-	10.12.21
3	സ.ഉ.(സാധാ) നം. 94/2022/ സാം.കാ.വ, 22.02.22	3,75,000/-	09.03.22
	ആകെ	**20,00,000/-**	

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 പ്രത്യേക പരാമർശങ്ങൾ

ഇല്ല

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സാമ്പത്തിക നില

മുന്നിരിപ്പ്	1391008.93
വരവ്	2297443
ആകെ	3688451.93
ചെലവ്	1150595
നീക്കിയിരിപ്പ്	2537856.93

നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ

		പാസ്സ് ബുക്ക് പ്രകാരം	കാഷ് ബുക്ക് പ്രകാരം
കയ്യിരിപ്പ് പണം	9120		9120

ബാങ്ക് (എസ്. ബി. ഐ) A/C No 67003353999		38097.38	38097.38
ബാങ്ക് (എസ്. ബി. ഐ) A/C No 67028734965		4207.55	4207.55
ട്രഷറി (എസ് ബി അക്കൗണ്ട്)799010100057942		486432	486432
ഫിക്സഡ് ഡിപ്പോസിറ്റുകൾ		2000000	2000000
ആകെ			**25,37,856.93**

4-2 സ്ഥിരനിക്ഷേപം

വെള്ളയമ്പലം സബ് ട്രഷറിയിലുള്ള സ്ഥിരനിക്ഷേപങ്ങളുടെ വിശദാംശങ്ങൾ (പലിശ നിരക്ക് 7.5%) ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥിരനിക്ഷേപ നം.	തുക	സ്ഥിരനിക്ഷേപ കാലാവധി പൂർത്തിയാകുന്ന തീയതി
1	799010501885925*	5,00,000.00	14.01.2024
2	799010501648564**	10,00,000.00	07.09.2023
3	799010501831022**	5,00,000.00	16.12.2023
	ആകെ	20,00,000.00	

*13.01.2022 ൽ കാലാവധി പൂർത്തിയായ 799010501362408 നം. സ്ഥിരനിക്ഷേപം പുതുക്കിയത്. ** 2021-22 വർഷം സർക്കാരിൽ നിന്നും പ്രത്യേക ധനസഹായമായി ലഭിച്ച ആകെ 15,00,000 രൂപ തൻവർഷം 2 സ്ഥിരനിക്ഷേപങ്ങളാക്കിയത്.

4-3 ഓഡിറ്റ് ചാർജ്ജ്

(എ)

2021-22 ലെ ആകെ വരവ്	2297443
കുറയ്ക്കുക- ഗ്രാന്റുകൾ	2057270
ഓഡിറ്റ് ചാർജ്ജിന് കണക്കാക്കാവുന്ന വരവ്	240173
ഓഡിറ്റ് ചാർജ്ജ് 1%	2402/-

2021-22 വർഷത്തെ ഓഡിറ്റ് ചാർജ്ജിനത്തിൽ **2402/-** രൂപ "0070-60-110-99 ഓഡിറ്റ് ചാർജ്ജ്" എന്ന ശീർഷകത്തിൽ ഒടുക്കി ചെലാൻ ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം-33 എന്ന വിലാസത്തിൽ അയച്ചുകൊടുക്കേണ്ടതും വിവരം ജില്ലാ ഓഡിറ്റ് കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

(ബി) – ഓഡിറ്റ് ചാർജ്ജ് അടച്ചതിന്റെ വിശദാംശങ്ങൾ

ഓഡിറ്റ് വർഷം	ഓഡിറ്റ് ചാർജ്ജ്	അടവാക്കിയ തുക	അടവാക്കാൻ ശേഷിക്കുന്ന തുക	ചെലാൻ നം./തീയതി
2020-21	2344	2344	-	KL001265677820212 2M/04.10.21

4-4 അനുബന്ധ പത്രികകൾ

1) ഓഡിറ്റ് സർട്ടിഫിക്കറ്റ്

2021-22 വർഷത്തെ ഗ്രാന്റ് വിനിയോഗ സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

2) വരവ് ചെലവ് പത്രിക

2021-22 വർഷത്തെ വരവ്-ചെലവ് പത്രിക അനുബന്ധം 2 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷൻ എന്ന സ്ഥാപനത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഓഡിറ്റിന് ആവശ്യമായ എല്ലാ വിവരങ്ങളും യഥാസമയം ലഭ്യമാക്കുകയും അതിൽ നിന്നുള്ള നിരീക്ഷണങ്ങൾ റിപ്പോർട്ടിൽ ചേർക്കുകയും ചെയ്തിട്ടുണ്ട്. ഈ നിരീക്ഷണങ്ങളുടേയും അതിന്മേൽ ലഭിച്ച വിശദീകരണങ്ങളുടെയും സ്ഥാപനം സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററുകളുടേയും രേഖകളുടെയും അടിസ്ഥാനത്തിൽ പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷന് 2021-22 സാമ്പത്തിക വർഷം സംസ്ഥാന സർക്കാരിൽ നിന്നും ലഭിച്ച 20,00,000/-രൂപ (ഇരുപത് ലക്ഷം രൂപ മാത്രം) യുടെ ധനസഹായം സർക്കാർ നിർദ്ദേശമനുസരിച്ച് വിനിയോഗിച്ചിട്ടുള്ളതായി ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

2

വരവ് ചെലവ് പത്രിക

പ്രൊഫ. എൻ.കൃഷ്ണപിള്ള ഫൗണ്ടേഷന്റെ 2021-22 സാമ്പത്തിക വർഷത്തെ വരവ് ചെലവ് പത്രിക

വരവ്	തുക (രൂപ)	ചെലവ്	തുക (രൂപ)
മുന്നിരിപ്പ്	1391008.93	സ്റ്റേഷനറി, പോസ്റ്റേജ്	8250
വാടക	126500	കലോത്സവം	38900
ലൈബ്രറി മെമ്പർഷിപ്പ്	5000	ടി & റിഫ്രഷ്മെന്റ്	4906
സംഭാവന	500	ലൈബ്രറി ചെലവുകൾ	192244
പുസ്തക വിറ്റുവരവ്	1371	യാത്രാബത്ത	5245
പാഴ്വസ്തുക്കൾ വിറ്റത്	975	ഇൻവെന്ററീസ്	7600
പലവക വരവുകൾ	678	ഓഡിറ്റ് ഫീസ്	25944
ഗ്രാന്റ്-കേരള സർക്കാർ	2000000	മലയാളഭാഷാപഠന കേന്ദ്രം	46093
ഗ്രാന്റ്-ലൈബ്രറി കൗൺസിൽ	57270	ലിഫ്റ്റ്	17100
പലിശ	18929	വെബ് സൈറ്റ്	1870
സ്ഥിരനിക്ഷപം പലിശ	86220	റിപ്പയർ &മെയിന്റനൻസ്	249375
		ശമ്പളം	389668
		ടെലഫോൺ	18723
		വൈദ്യുതിചാർജ്ജ്	34492
		വാട്ടർ ചാർജ്ജ്	13040
		ക്ളീനിംഗ് മെറ്റീരിയൽസ്	3673

		കമ്പ്യൂട്ടർ സർവ്വീസ്	18350
		റ്റി ഡി എസ്	1456
		ഇന്ധനം	22690
		ഇൻഷുറൻസ്	26907
		ഹാൾ റെന്റ് റീഫണ്ട്	6000
		ബാങ്ക് ചാർജ്ജ്	855.50
		പലവക ചെലവുകൾ	17213
		നീക്കിയിരിപ്പ്	
		കൈവശം	9120
		ബാങ്ക്	42304.93
		ട്രഷറി	486432
		എഫ് ഡി	2000000
ആകെ	**3688451.93**	**ആകെ**	**3688451.93**

ജോയിന്റ് ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.